"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെട്രോ ആൻഡ് റെയിൽ ടെക്നോളജി (ഐ.എം. & ആർ.ടി) സ്ഥാപിക്കുന്നതിനായി സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.657/2025/LBR തീയതി,തിരുവനന്തപുരം, 29-05-2025

പരാമർശം:-
1. 03.02.2012-ലെ GO(MS) No.20/2012/LBR
2. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 32-ാമത് ഭരണസമിതി തീരുമാനം.
3. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 24.04.2025, 17.05.2025 തീയതികളിലെ KASE/191/2024-SrExe2 നമ്പർ കത്തുകൾ.

**ഉത്തരവ്**

പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നൈപുണ്യ പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ച് നൈപുണ്യ വികസന പ്രവർത്തനങ്ങൾ വിപുലമാക്കുകയും അതുവഴി അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലവസരം വർദ്ധിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക എന്ന് ഉദ്ദേശത്തോടുകൂടി വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ്, മെട്രോ ആൻഡ് റെയിൽ മേഖലയിൽ മികവിന്റെ കേന്ദ്രമായി "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി" രൂപീകരിക്കാൻ പദ്ധതിയിടുകയും, പ്രസ്തുത പദ്ധതിയ്ക്ക് കെയ്സിന്റെ 32-ാമത് ഭരണസമിതി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ഭരണസമിതി തീരുമാനപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ), നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി) എന്നിവയുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെട്രോ ആൻഡ് റെയിൽ ടെക്നോളജി (ഐ.എം. & ആർ.ടി) സ്ഥാപിക്കുന്നതിനുവേണ്ടി ഒരു സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചു നൽകണമെന്നും എം.ഡി., കെയ്സ് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മികവിന്റെ കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (ഐ.എം. & ആർ.ടി) സ്ഥാപിക്കുന്നതിനുവേണ്ടി ചുവടെ പരാമർശിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1) | സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് | അധ്യക്ഷൻ |
| 2) | മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് | മെമ്പർ |
| 3) | മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | മെമ്പർ |
| 4) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി). | മെമ്പർ |
| 5) | ഓണററി കോൺസൽ ഓഫ് ദി ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി ടു | മെമ്പർ |

| | | |
|---|---|---|
| | കേരള & ഗോഥെ സെൻട്രം ഡയറക്ടർ, തിരുവനന്തപുരം/കൊച്ചി | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.
2. സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾക്ക് (എം.ഡി., കെയ്സ് മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

സെക്ഷൻ ഓഫീസർ

Date: 29-05-2025 15:59:01

പകർപ്പ്: 1) ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2) തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ